# നിത്യാരാധനക്കപ്പേള

ബിഷപ്പ് കുര്യാളശ്ശേരി അവർകളുടെ സ്മാരകം.

(റവ. ഫാദർ സെബാസ്റ്റ്യൻ ചെറുശ്ശേരി)

സുമാർ ഒന്നരവ്യാഴവട്ടക്കാലത്തിനു മുമ്പ് ഒരു കാട്ടുപ്രദേശമായിരുന്ന "കീരിമുട്ടം" എന്നറിയപ്പെടുന്ന വാഴപ്പള്ളിക്കുന്നിൽ മനോഹരമായ ഒരു മൂന്നുനിലക്കെട്ടിടവും വിചിത്രാകൃതിയിലുള്ള എട്ടുപ്പുകളോടും ഉയർന്ന ഗോപുരങ്ങളോടും കൂടിയ മനോഹര ദേവാലയവും സ്ഥിതിചെയ്യുന്നുണ്ട്.

പ്രസ്തുത പള്ളിയുടെ മുഖവാരത്തിൽ സ്വർണ്ണലിപികളിൽ മുദ്രിതമായിരിക്കുന്ന "Venie Adoremus" "വരുവിൻ, നമുക്കു ആരാധിക്കാം" എന്ന വാക്യശകലങ്ങൾ ഈ മനോഹരസദനത്തിന്റെ അപൂർവ്വമാഹാത്മ്യം ഉച്ചൈസ്തരം പ്രഖ്യാപിക്കുന്നുണ്ട്. ഈ ആരാധനാമഠത്തോടനുബന്ധിച്ചു നിർമ്മിതമായ ദേവാലയം ചങ്ങനാശ്ശേരി രൂപതയെ 1911 ഡിസംബർ മുതൽ 195 ജൂൺവരെ 14 കൊല്ലം പ്രശസ്തമാംവിധം ഭരിച്ചു സ്വജനങ്ങളുടെ മാത്രമല്ല സകലജാതിമതസ്ഥരുടെയും അതിബഹുമാനാദികളാർജ്ജിച്ചു റോമിൽവച്ചു ഇഹലോകവാസം വെടിഞ്ഞ കുര്യാളശ്ശേരിൽ മാർ തോമ്മാമെത്രാൻ അവർകളുടെ സ്മാരകമായി അടുത്ത ദിവസം ഉൽഘാടനം ചെയ്യുന്നതാണ്.

കുര്യാളശ്ശേരിൽ മാർ തോമ്മാമെത്രാൻ അവർകൾ റോമായിൽ വിശുദ്ധ പത്രോസിന്റെ ദേവാലയത്തിൽവച്ചു വൈദികപട്ടം സ്വീകരിച്ച അവസരത്തിൽ ഒരു ദിവ്യകാരുണ്യപ്രേഷിതനായിത്തീരുന്നതിനുള്ള വരമാണ് ആദ്യമായി അഭ്യർത്ഥിച്ചതു്. സ്വദേശത്തു വന്ന ശേഷം തന്റെ അഗ്രഹസാഫല്യത്തിനായി അദ്ദേഹം അവിശ്രമം പരിശ്രമിച്ചു. ഇതിന്റെ നന്ദിയായി 1930-ാ ചമ്പക്കുളം ഓർശ്ലേംപള്ളിയുടെ ശിലാസ്ഥാപനം നടത്തി. ഇതോടുകൂടെ ആരാധനാസംസ്ഥാപനത്തിനുള്ള തീവ്രയത്നവും ആരംഭിച്ചു. ഈ ഘട്ടത്തിലാണു ചങ്ങനാശ്ശേരി മിസ്സത്തിന്റെ വികാരി അപ്പസ്തോലിക്കാ ആയിരുന്ന മാക്കീൽ മത്തായിമെത്രാൻ അവർകൾ 1906 മെയ് മാസത്തിൽ ഇദ്ദേഹത്തെ എടത്വാ പള്ളിയുടെ വികാരിയായി നിയമിച്ചതു്. അദ്ദേഹം അവിടെവച്ച് 1908 ജനുവരി 29-ാം നു- വിശുദ്ധ ഫ്രാൻസിസ് സാലസിന്റെ തിരുനാൾദിനം ആരാധനാസഭാസ്ഥാപനത്തിന് ഒരു ബോർഡിംഗ് ഉൽഘാടനം ചെയ്തു. ഒരു കൊല്ലത്തോളം അവർക്കു പരിശീലനം നൽകിയശേഷം 1908 ഡിസംബർ 8-ാം നു- റവ. സിസ്റ്റേഴ്സ് ഷന്താൾ, ക്ലാര, മറിയം മഗ്ദലേനാ ദ് പാസി, ട്രീസ, കാതറിൻ, സ്റ്റനിസ്ലാസ് എന്നീ ആറു സ്ത്രീകൾക്കു സഭാപ്രവേശത്തിന്റെ ആരംഭചിഹ്നമായ ശിരോവസ്ത്രം നൽകി. രണ്ടു ദിവസം കഴിഞ്ഞ് ഈ അർത്ഥിനികളെയും ബോർഡേഴ്സിനെയും ചമ്പക്കുളത്തു തോണിപ്പുരയിലേക്കു മാറ്റിത്താമസിപ്പിച്ചു. താമസംവിനാ ഒരു മലയാളം വി എം ജി സ്കൂളും മനോഹരമായ ഒരു കപ്പേളദേവാലയവും സ്വന്തചെലവിൽ പണികഴിപ്പിച്ചു.

ഏതാദൃശശ്രമങ്ങൾക്കു പുറമേ തലയേറിയ ഇതരജോലികൾ വിഘാതമെന്നുകാണുകയാൽ 19.0 മെയ്മാസത്തിൽ എടത്വാ പള്ളിവികാരിയെന്നുള്ള ജോലി രാജിവച്ചു. ഇങ്ങനെയിരിക്കെ 1911 ആഗസ്റ്റ് 28-ാം നു- മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു അദ്ദേഹത്തെ ചങ്ങനാശ്ശേരി മിസ്സത്തിന്റെ വികാരി അപ്പസ്തോലിക്കായായി തെരഞ്ഞെടുത്തു. അനന്തരം മിസ്സത്തിന്റെ പല ഭാഗങ്ങളിലും ആരാധനാസഭവക കന്യകാമഠങ്ങളും സ്കൂളുകളും സംസ്ഥാപിതമായി. ഇക്കൂട്ടത്തിൽ 1916 മെയ്മാസത്തിൽ സംസ്ഥാപിതമായതാണ് ഈ വാഴപ്പള്ളിയിൽ കാണുന്ന കന്യകാലയവും, [illegible] വി എം സ്കൂൾ, ട്രെയിനിംഗ് സ്കൂൾ മുതലായവയും.

ഇപ്രകാരം സ്ഥാപിതമായ വാഴപ്പള്ളിമഠം, അദ്ദേഹത്തിന്റെ അഗ്രഹാനുസരണം 1918 ഒക്ടോബർ 24-ാം നു- ഇൻഡ്യയുടെ അത്യുന്നത ഡെലിഗേറ്റ് ഫുമസോണി അവർകൾ വെഞ്ചരിക്കയും നിത്യാരാധനക്കപ്പേളയ്ക്കു കല്ലിടുകയുമുണ്ടായി. ഇതിന്റെ പണി, തുടരുന്നതിനോ പൂർത്തിയാക്കി കണ്ടാനന്ദിക്കുന്നതിനോ മെത്രാൻ അവർകൾക്കു സാധിച്ചില്ലെങ്കിലും, ആരാധനാസഭവക 9 ആശ്രമങ്ങളെയും സഭാംഗങ്ങളായി 172 കന്യകാരത്നങ്ങളെയും അവരുടെ നേതൃത്വത്തിൽ ഇംഗ്ലീഷ് ഹൈസ്കൂൾ, വി എം സ്കൂൾ, വി പി സ്കൂൾ മുതലായ സ്ഥാപനങ്ങളെയും കാണുന്നതിനുള്ള ഭാഗ്യം ലഭിക്കാതിരുന്നില്ല. ഇന്ന് സഭാംഗങ്ങളായി 250-ൽപരം കന്യാസ്ത്രീകൾ ഉണ്ടെന്നുള്ളതും പ്രത്യേകം പ്രസ്താവ്യമത്രെ.

മാർ ജയിംസ് കാളാശ്ശേരി അവർകൾ 1932 ഒക്ടോബർ 3-ാം നു- വിശുദ്ധ കൊച്ചുത്രേസ്യയുടെ തിരുനാളിൽ നിത്യാരാധനക്കപ്പേളയ്ക്കു, കാരണവശാൽ, വീണ്ടും സ്ഥലംമാറി കല്ലിടുകയുണ്ടായി.

നിത്യാരാധനക്കപ്പേളയുടെ ഉൽഘാടനം നാളെ (ബുധനാഴ്ച) നിർവഹിക്കപ്പെടുന്നുണ്ടെങ്കിലും, നിത്യാരാധന ഉടൻ ആരംഭിക്കുന്നില്ലെന്നും, 20000 രൂപായുടെ ഒരു മൂലധനമില്ലാതെ അതാരംഭിക്കാൻ നിവൃത്തിയില്ലെന്നുമാണറിയുന്നതു്.